**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭാഗമായി പൈപ്പ് സ്ഥാപിക്കാൻ ഗ്രാമീണ റോഡുകളിൽ ഉൾപ്പെടെ കുഴിയെടുത്തെങ്കിലും യഥാവിധി മൂടപ്പെടാത്തതിനാൽ പ്രാദേശിക റോഡുകൾ തകരാറിലാവുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ആദ്യ ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പഞ്ചായത്ത് റോഡ് റീസ്റ്റോറേഷന് ഫണ്ട് അനുവദിച്ചിരുന്നില്ല. ഈ പ്രവൃത്തികളിൽ പഞ്ചായത്തു റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിച്ചതിനുശേഷം കുഴികൾ മൂടി അപകടങ്ങൾ ഉണ്ടാവാത്ത വിധത്തിൽ താൽക്കാലിക പുനരുദ്ധാരണം നടത്തുന്നുണ്ട്. പിന്നീട് പഞ്ചായത്ത് റോഡുകളുടെ പുനസ്ഥാപനത്തിനു കൂടി ഭരണാനുമതി ലഭിക്കുകയുണ്ടായി. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് റോഡ് റിസ്റ്റോറേഷൻ പൈപ്പ് ലൈൻ പ്രവൃത്തിയുടെ ഭാഗമായും അധിക പ്രവൃത്തിയായും പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പൈപ്പിടൽ പ്രവൃത്തി പൂർത്തിയാവാത്തതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള റോഡ് നവീകരണം അനിശ്ചിതമായി നീളുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ ജൽ ജീവൻ മിഷൻ, അമൃത് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ